പതിമൂന്നാം കേരള നിയമസഭ

പതിമൂന്നാം സമ്മേളനം

**തൊഴിലുറപ്പ് പദ്ധതി**

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 1415 — 16.03.2015 ൽ മറുപടിക്ക്

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി.കെ.എസ്.സലീഖ | | ശ്രീ.കെ.സി.ജോസഫ് (ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പമന്ത്രി) | |
| (എ) | സംസ്ഥാനത്ത് തൊഴിലുറപ്പ് പദ്ധതിയിൽ നാളിതുവരെ എത്ര കുടുംബങ്ങൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്; അതിൻ പ്രകാരം നിലവിൽ എത്ര പേർ പണിയെടുക്കുന്നു; ജില്ല തിരിച്ച് വ്യക്തമാക്കുമോ; | (എ) | അനുബന്ധം 1 ആയി ചേർത്തിരിക്കുന്നു. |
| (ബി) | 2014-15 സാമ്പത്തിക വർഷം പ്രസ്തുത പദ്ധതിക്ക് ലഭിച്ച കേന്ദ്ര സഹായം എത്ര; നാളിതുവരെ എത്ര തുക സംസ്ഥാനവിഹിതമായി നൽകി; വിശദാംശം ലഭ്യമാക്കുമോ; | (ബി) | 2014-15 സാമ്പത്തിക വർഷം നാളിതുവരെ കേന്ദ്രവിഹിതമായി 158758.02 ലക്ഷം രൂപ ലഭിച്ചിട്ടുണ്ട്. നടപ്പ് സാമ്പത്തിക വർഷം, നാളിതുവരെ സംസ്ഥാന വിഹിതമായി 40 കോടി രൂപ ലഭ്യമാക്കിയിട്ടുണ്ട്. |
| (സി) | നിലവിൽ തൊഴിലുറപ്പ് പദ്ധതി പ്രകാരം തൊഴിലെടുത്തവർക്ക് കുടിശ്ശികയിനത്തിൽ നൽകാനുള്ള തുക എത്ര; ജില്ല തിരിച്ച് വ്യക്തമാക്കുമോ; | (സി) | അനുബന്ധം 2 ആയി ചേർത്തിരിക്കുന്നു. |
| (ഡി) | ഏത് മാസം മുതലുള്ള കുടിശ്ശികയാണ് നൽകാനുള്ളത്; മുഴുവൻ കുടിശ്ശികയും നൽകാൻ ആവശ്യമായ നടപടി സ്വീകരിക്കുമോ; | (ഡി) | 2015 മാർച്ച് മാസം കുടിശ്ശികയായ വേതനം കൊടുത്ത് തീർക്കാനുണ്ട്. കുടിശ്ശിക പൂർണ്ണമായും അടിയന്തിരമായി കൊടുത്ത് തീർക്കാനുള്ള ഫണ്ട് ലഭ്യമാക്കിയിട്ടുണ്ട്. |
| (ഇ) | തൊഴിലുറപ്പ് ജോലിക്കിടെ നാളിതുവരെ പല കാരണങ്ങളാൽ മരണപ്പെട്ടവർ എത്രയെന്ന് ജില്ല തിരിച്ച് വ്യക്തമാക്കുമോ; ഇപ്രകാരം മരണപ്പെട്ടവരുടെ കുടുംബങ്ങളെ സഹായിക്കുവാൻ നിലവിൽ എന്തൊക്കെ നടപടികൾ സ്വീകരിച്ചു വരുന്നു; വിശദാംശം വ്യക്തമാക്കുമോ; | (ഇ) | അനുബന്ധം 3 ആയി ചേർത്തിരിക്കുന്നു. |

| | | | |
|---|---|---|---|
| (എഫ്) | എല്ലാ തൊഴിലുറപ്പ് തൊഴിലാളികൾക്കും ഇൻഷ്വറൻസ് പരിരക്ഷ ലഭ്യമാക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിച്ച് വരുന്നു; വിശദാംശം വ്യക്തമാക്കുമോ; | (എഫ്) | തൊഴിലുറപ്പ് പദ്ധതിയിൽ ഏറ്റവും കുറഞ്ഞത് 15 ദിവസം പണിയെടുക്കുന്ന തൊഴിലാളികൾക്ക് രാഷ്ട്രീയ സ്വാസ്ഥ്യാ ബീമായോജന പ്രകാരം ഇൻഷ്വറൻസ് പരിരക്ഷ ഏർപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |
| (ജി) | തൊഴിലുറപ്പ് പദ്ധതിയുടെ മറവിൽ ഇടനിലക്കാർ കൂലി തട്ടിയെടുക്കുന്നതായി ശ്രദ്ധയിൽപെട്ടുവോ; എങ്കിൽ ഇത് പരിഹരിക്കുവാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ? | (ജി) | തൊഴിലുറപ്പ് പദ്ധതിയുടെ മറവിൽ ഇടനിലക്കാർ കൂലി തട്ടിയെടുക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |

സെക്ഷൻ ഓഫീസർ

<u>അനുബന്ധം 1</u>

| ജില്ല | രജിസ്റ്റർ ചെയ്ത കുടുംബങ്ങളുടെ എണ്ണം (09/03/2015 വരെ) | തൊഴിൽ ലഭിച്ച കുടുംബങ്ങളുടെ എണ്ണം (09/03/2015 വരെ) |
|---|---|---|
| തിരുവനന്തപുരം | 333158 | 181312 |
| കൊല്ലം | 284961 | 112041 |
| പത്തനംതിട്ട | 127660 | 54203 |
| ആലപ്പുഴ | 239423 | 123665 |
| കോട്ടയം | 168864 | 62429 |
| ഇടുക്കി | 172002 | 119067 |
| എറണാകുളം | 198288 | 85064 |
| തൃശൂർ | 250578 | 100272 |
| പാലക്കാട് | 279840 | 154731 |
| മലപ്പുറം | 271968 | 103431 |
| കോഴിക്കോട് | 258900 | 120301 |
| വയനാട് | 134408 | 69479 |
| കണ്ണൂർ | 190959 | 69831 |
| കാസർഗോഡ് | 121812 | 58723 |
| ആകെ | 3032821 | 1414549 |

അനുബന്ധം 2

10.03.2015 ലെ കണക്ക് പ്രകാരം, മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ ജോലി ചെയ്ത തൊഴിലാളികൾക്ക് കൂലി കുടിശ്ശികയിനത്തിൽ 10808.21 ലക്ഷം രൂപ നൽകാനുണ്ട്. തുക ജില്ല തിരിച്ച് ചുവടെ ചേർക്കുന്നു.

| ജില്ല | കുടിശ്ശിക (ലക്ഷത്തിൽ) (10/03/2015 വരെ) |
|---|---|
| തിരുവനന്തപുരം | 2775.17 |
| കൊല്ലം | 703.82 |
| പത്തനംതിട്ട | 477.91 |
| ആലപ്പുഴ | 1239.61 |
| കോട്ടയം | 400.76 |
| ഇടുക്കി | 776.26 |
| എറണാകുളം | 390.37 |
| തൃശൂർ | 304.21 |
| പാലക്കാട് | 447.19 |
| മലപ്പുറം | 1247.52 |
| കോഴിക്കോട് | 1181.16 |
| വയനാട് | 78.39 |
| കണ്ണൂർ | 558.64 |
| കാസർഗോഡ് | 227.2 |
| **ആകെ** | **10808.21** |

അനുബന്ധം 3

മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ മരണപ്പെട്ടവരുടെ വിവരം (23.01.2015 വരെയുള്ള കണക്ക്) ജില്ല തിരിച്ച് ചുവടെ ചേർക്കുന്നു.

| ജില്ല | മരണപ്പെട്ടവരുടെ എണ്ണം (23.01.2015 വരെയുള്ള കണക്ക്) |
|---|---|
| തിരുവനന്തപുരം | 22 |
| കൊല്ലം | 23 |
| പത്തനംതിട്ട | 4 |
| ആലപ്പുഴ | 31 |
| കോട്ടയം | 11 |
| ഇടുക്കി | 19 |
| എറണാകുളം | 5 |
| തൃശ്ശൂർ | 23 |
| പാലക്കാട് | 32 |
| മലപ്പുറം | 9 |
| കോഴിക്കോട് | 5 |
| വയനാട് | 7 |
| കണ്ണൂർ | 7 |
| കാസർഗോഡ് | 3 |
| ആകെ | 201 |

തൊഴിലുറപ്പ് പദ്ധതിയിലെ തൊഴിലിൽ ഏർപ്പെട്ടിരിക്കുമ്പോഴോ പ്രവൃത്തിമൂലമോ ഉണ്ടാകുന്ന അപകടങ്ങളിൽ നിന്ന് മരണം സംഭവിക്കുകയാണെങ്കിൽ നിയമപ്രകാരമുള്ള അവകാശികൾക്ക് കേന്ദ്രസർക്കാർ വിജ്ഞാപനം ചെയ്തിട്ടുള്ളതോ ആംആദ്മി ബീമായോജനയിൽ വ്യവസ്ഥ ചെയ്തിട്ടുള്ള അവകാശങ്ങൾ അനുസരിച്ചുള്ളതോ ആയ എക്സ്ഗ്രേഷ്യ അനുവദിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്.